SBI Life INSURANCE With Us, You're Sure | Celebrate life
IndianOil

ഫേസ്ബുക്കിലൂടെ ബിസിനസ് കണ്ടെത്തിയതെങ്ങനെ?

■ സാധ്യതയുള്ള ഉപഭോക്താക്കളെ കണ്ടെത്തൽ- ആദ്യ ഘട്ടം

ബിസിനസിന്റെ തുടക്കത്തിൽ സാധ്യതയുള്ള ഉപഭോക്താക്കളെ കണ്ടെത്തുന്നതിനായി സംരംഭകൻ ഫേസ് ബുക്ക് മാർക്കറ്റിംഗ് ഉപയോഗപ്പെടുത്തി. ഷോപ്പിന് പത്തു കിലോമീറ്റർ പരിധിയിലുള്ള, 18നും 65 നും ഇടയിൽ പ്രായമുള്ള സ്ത്രീകളെയും പുരുഷന്മാരെയും ലക്ഷ്യമിട്ട് വളരെ ആകർഷകമായി ഓഫറുകൾ ഓരോ വീക്കെൻഡിലും ഫേസ്ബുക്കിലൂടെ നൽകി. നല്ല ഉപഭോക്താക്കളെ ഷോപ്പിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആകർഷകമായ ഓഫറുകൾ ആവിഷ്കരിച്ചത്. ഫേസ് ബുക്കിലെ ലീഡ് ജനറേഷൻ പരസ്യങ്ങളെ സംരംഭകൻ ആശ്രയിക്കുകയും പരസ്യത്തിൽ ക്ലിക്ക് ചെയ്യുന്ന സാധ്യതയുള്ള ഉപഭോക്താക്കളുടെ മൊബീൽ നമ്പർ കണ്ടെത്തുകയും ചെയ്തു.

ഓരോ ഫേസ്ബുക്ക് പരസ്യത്തിനും ഏകദേശം 3000 രൂപ വീതം അദ്ദേഹം ചെലവിട്ടു. ആകർഷകമായ ഓഫറുകൾ നൽകി, ഇതിലൂടെ ചുരുങ്ങിയത് 300 ലീഡെങ്കിലും കണ്ടെത്തി. ഒരു ലീഡിന് 10 രൂപ മാത്രമാണ് ചെലവ് വന്നത്.

ആഴ്ചയിൽ ഒന്നു വീതം ഇത്തരത്തിൽ പരസ്യം നൽകിയതിലൂടെ മാസത്തിൽ ഏകദേശം 1200 ഉപഭോക്താക്കളെ കണ്ടെത്തുകയും ഒരു വർഷം ആയപ്പോഴേക്കും 10,000ത്തിലേറെ ഉപഭോക്താക്കളെ കണ്ടെത്താനാകുകയും ചെയ്തു. ഈ നമ്പറുകൾ ഷോപ്പിന്റെ ഡാറ്റ ബേസിൽ ഉൾപ്പെടുത്തി.

■ ഉപഭോക്താക്കളെ കണ്ടെത്തൽ

ഇത്തരത്തിൽ കണ്ടെത്തിയ സാധ്യതയുള്ള ഉപഭോക്താക്കളെ സംരംഭകൻ ഫോളോ അപ്പ് ചെയ്ത് ഭൂരിഭാഗം പേരെയും ഷോപ്പിന്റെ ഉപഭോക്താക്കളാക്കി മാറ്റി.

ഷോപ്പിലെത്തുന്ന ഉപഭോക്താക്കളുടെ ഫോൺ നമ്പർ ജീവനക്കാർ ശേഖരിക്കുകയും സാധനങ്ങൾക്കൊപ്പം നൽകുന്ന ബില്ലിൽ ആ നമ്പർ ഉൾപ്പെടുത്തുകയും ചെയ്തു. ഈ നമ്പറുകൾ സാധ്യതയുള്ള കസ്റ്റമർ എന്ന ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കുകയും നിലവിലുള്ള കസ്റ്റമർ ഡാറ്റാ ബേസിലേക്ക് ചേർക്കുകയും ചെയ്തു.

■ നിലവിലുള്ള ഉപഭോക്താക്കളുടെ വാങ്ങൽ വർധിപ്പിക്കൽ

നിലവിലുള്ള ഉപഭോക്തൃ ഡാറ്റ ബേസ് വിപുലപ്പെടുത്തിയതിനു ശേഷം എസ്എംഎസ് മാർക്കറ്റിംഗിലൂടെ സംരംഭകൻ ഉപഭോക്താക്കളുടെ വാങ്ങൽ ഇടവേളകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങി.

നിലവിലുള്ള ഉപഭോക്താക്കളുടെ ഡിഎൻഡി പ്രശ്നങ്ങളില്ലാത്ത നമ്പറുകളിലേക്ക് ഓരോ ആഴ്ചയിലും ആകർഷകമായ ഓഫറുകൾ അറിയിച്ചു കൊണ്ട് എസ്എംഎസുകൾ അയച്ചു തുടങ്ങി.

ഡിഎൻഡി സംവിധാനത്തിലൂടെ എസ്എംഎസുകൾ തടയുന്നവരെ ഫേസ്ബുക്കിൽ ഓഡിയൻസ് ഇൻക്ലൂഡ് ഫീച്ചർ ഉപയോഗപ്പെടുത്തി ഓഫറുകളെ കുറിച്ച് അറിയിച്ചു.

■ സാധ്യതയുള്ള ഉപഭോക്താക്കളെ കണ്ടെത്തൽ- രണ്ടാം ഘട്ടം

എക്സിസ്റ്റിംഗ് കസ്റ്റമർ ഡാറ്റ ബേസ് വിപുലപ്പെടുത്തിയതിനു ശേഷം സംരംഭകൻ ഫേസ് ബുക്കിലെ ലുക്ക് എ ലൈക്ക് ഫീച്ചർ ഉപയോഗപ്പെടുത്താൻ തുടങ്ങി. നിലവിലുള്ള ഉപഭോക്താക്കൾക്ക് സമാനമായ പുതിയ ഉപഭോക്താക്കളെ ഫേസ്ബുക്ക് മാർക്കറ്റിംഗിലൂടെ ഇങ്ങനെ ലക്ഷ്യമിടാനായി.

ഈ തന്ത്രങ്ങൾ പ്രയോഗത്തിൽ വരുത്തിയതോടെ ഏതാനും മാസങ്ങൾക്കുള്ളിൽ സംരംഭത്തെ ബ്രേക്ക് ഈവൻ ആക്കാനും ഒരു വർഷം കൊണ്ടു തന്നെ മികച്ച റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് സൃഷ്ടിക്കാനും കഴിഞ്ഞു.

കുറഞ്ഞ ചെലവിൽ വളരെ മികച്ച ഒരു ഫലം സൃഷ്ടിക്കാൻ ഫേസ്ബുക്ക് മാർക്കറ്റിംഗിലൂടെ സാധിച്ചതിൽ സംരംഭകന് അത്ഭുതമായിരുന്നു.

സാധ്യതയുള്ളതും നിലവിലേതുമായ ഉപഭോക്താക്കളിലേക്കെത്താൻ ഫേസ് ബുക്ക് മാർക്കറ്റിംഗ് വളരെ മികച്ച മാർഗമാണെന്ന് മുകളിൽ കാണിച്ച വിവരങ്ങളിൽ നിന്നും വ്യക്തമാണ്.

ദൗർഭാഗ്യവശാൽ മിക്ക സംരംഭകരും ഇതിന്റെ ഗുണവശങ്ങളെ കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല. അതുകൊണ്ടു തന്നെ ഇത് ബിസിനസിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുമില്ല. ■

മായിരുന്നില്ല. ഭാഗ്യവശാൽ, ഷോപ്പിന്റെ വിലാസം അടുത്തുള്ള ലാൻഡ്മാർക്കുകൾ സഹിതം ഫേസ്ബുക്ക് പരസ്യത്തിൽ ഉണ്ടായിരുന്നു. ഷോപ്പിൽ എത്തിയ സംരംഭകൻ ഉടമയുമായി സംസാരിക്കുകയും ഷോപ്പ് തുറന്നത് ഒരു മാസം മുമ്പാണെന്ന് മനസിലാക്കുകയും ചെയ്തു.

പിന്നീട് ഈ സംഭവങ്ങളെ കുറിച്ചെല്ലാം ചിന്തിച്ച സംരംഭകൻ, റെഡിമെയ്ഡ് ഷോപ്പ് തങ്ങളുടെ പ്രദേശത്തുള്ള തന്റെ മകനെ പോലെയുള്ള ശരിയായ ഉപഭോക്താക്കളിലേക്ക് ഫേസ്ബുക്ക് പരസ്യത്തിലൂടെ എങ്ങനെയെത്തിയെന്ന് അത്ഭുതപ്പെട്ടു. ആ ഷോപ്പ് പ്രീമിയം ലൊക്കേഷനിൽ ആയിരുന്നില്ല. അദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്ന് ആരും ഇത്തരമൊരു ഷോപ്പ് മുമ്പ് കാണുകയോ അറിയുകയോ ചെയ്തിരുന്നില്ല. ഫേസ് ബുക്ക് പരസ്യം ഉണ്ടായിരുന്നില്ലെങ്കിൽ തൊട്ടടുത്തു തന്നെയുള്ള ഈ ഷോപ്പ് കണ്ടെത്താൻ വർഷങ്ങളെടുക്കുമായിരുന്നു.

ഒരു പ്രത്യേക പ്രദേശത്ത് മാത്രമുള്ളവരെ ലക്ഷ്യമിട്ട് പരസ്യങ്ങൾ നൽകാനാവുമെന്ന് ഫേസ് ബുക്ക് മാർക്കറ്റിംഗിനെ കുറിച്ച് നടത്തിയ ഗവേഷണങ്ങളിൽ നിന്ന് സംരംഭകൻ മനസിലാക്കി. മാത്രമല്ല, ആളുകളെ പുരുഷൻ, സ്ത്രീ, വയസ്, താൽപ്പര്യങ്ങൾ എന്നിവ വേർതിരിച്ച് ടാർഗറ്റ് ചെയ്യാൻ പോലും ഫേസ്ബുക്ക് അനുവദിക്കുന്നു. ഒരു പട്ടണം കേന്ദ്രീകരിച്ച് ഫേസ് ബുക്കിൽ ഒറ്റത്തവണ പരസ്യം നൽകാൻ 1000 രൂപ മുതൽ 3000 രൂപയാണ് ഏകദേശ ചെലവ്. താൽപ്പര്യമുള്ള ഉപഭോക്താക്കളുടെ പേരും മൊബീൽ നമ്പരും ലഭ്യമാക്കുന്ന ലീഡ് ജനറേഷൻ ആഡ് ഓപ്ഷൻ കൂടി ഫേസ്ബുക്ക് നൽകുന്നുണ്ടെന്ന് സംരംഭകൻ കണ്ടെത്തി.

ഉപഭോക്താവിന്റെ പേരും മൊബീൽ നമ്പരും പരസ്യദാതാവിന് ലഭ്യമാകുന്നതോടെ പരസ്യദാതാവിന് ഉപഭോക്താവിനെ വിളിക്കുകയോ അല്ലെങ്കിൽ എസ്എംഎസ് മാർക്കറ്റിംഗിനായി ഈ ഡാറ്റ ഉപയോഗപ്പെടുത്തുകയോ ചെയ്യാം. ഡിഎൻഡി (Do not disturb) ആക്റ്റിവേറ്റ് ചെയ്തിട്ടില്ലാത്ത നമ്പരുകളിലേക്ക് മാത്രമേ എസ്എംഎസ് മാർക്കറ്റിംഗ് സാധ്യമാകുകയുള്ളൂ. ഫേസ്ബുക്കിലെ ഓഡിയൻസ് ഫീച്ചർ ആണ് ആകർഷകമായ മറ്റൊന്ന്.

പരസ്യദാതാവിന് മൊബീൽ നമ്പറുകളുടെ വലിയൊരു ഡാറ്റ ബേസ് ഉണ്ടെങ്കിൽ ഓഡിയൻസ് ഇൻക്ലൂഡ് ഓപ്ഷൻ ഉപയോഗപ്പെടുത്തി ആ നമ്പറുകൾ മാത്രം ഫോക്കസ് ചെയ്തു കൊണ്ട് ഫേസ്ബുക്ക് പരസ്യം നൽകാനാകും. ഓഡിയൻസ് എക്സ്ക്ലൂഡ് ഓപ്ഷൻ ഉപയോഗിച്ച് ആ നമ്പറുകളിലേക്കുള്ള പരസ്യം മാത്രം ഒഴിവാക്കാനും കഴിയും.

ലുക്ക് എ ലൈക്ക് ഓഡിയൻസ് ഓപ്ഷൻ ഉപയോഗിച്ച്, തന്റെ കൈവശമുള്ള നമ്പറുകളിലെ ഉപഭോക്താക്കളുടെ ഗണത്തിൽപ്പെടുന്ന മറ്റു ഉപഭോക്താക്കളെ ലക്ഷ്യം വെക്കാനും കഴിയും.

ഷോപ്പ് തുറക്കുന്നതുമായി ബന്ധപ്പെട്ട് താൻ നേരിട്ട ധർമസങ്കടം ഇല്ലാതാക്കാൻ ഫേസ്ബുക്ക് മാർക്കറ്റിംഗ് കൊണ്ട് സാധിക്കുമെന്ന് സംരംഭകൻ മനസിലാക്കി.

ഫേസ് ബുക്ക് മാർക്കറ്റിംഗിനെ കുറിച്ച് കുറച്ചു ആഴ്ചകൾ നീണ്ട പഠനത്തിനു ശേഷം പ്രീമിയം ലൊക്കേഷൻ അല്ലാത്ത എന്നാൽ ജനസാന്ദ്രതയേറിയ പ്രദേശത്ത് ഇടത്തരം വലിപ്പത്തിലുള്ള ഒരു പുതിയ സൂപ്പർമാർക്കറ്റ് അദ്ദേഹം തുറന്നു. ■

ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സഹായകമായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ.

ലഖ്നൗ IIM (L) നിന്ന് PGDM എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. website: www.we-deliver-results.com, email: tinyphilip@gmail.com

DISCOUNT UPTO 50% OFF
Gem LIGHTS ELECTRICALS & SANITARYWARE
ONAM FESTIVAL SALE
Up to 25% off FANS
Up to 50% off FANCY LIGHTS
Up to 50% off CROCKERY WARE
Up to 50% off SANITARY WARE
Up to 50% off ELECTRICAL PRODUCTS
Up to 50% off HOME APPLIANCES
Up to 30% off WATER HEATER
Up to 40% off HOBS & CHIMNEYS
Up to 50% off LED LIGHTS
BEST Quality
BEST Offers
*conditions apply
Customer Care: 8606444 222 / 888
Gem LIGHTS ELECTRICALS & SANITARYWARE
Guruvayoor Road, Punkunnam, Thrissur.Ph: 0487 2386175
University Junction, South Kalamassery, Cochin.Ph: 0484 2557088
ഓണം വരെ എല്ലാ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നതാണ്